പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1445 — 12.06.2015 ൽ മറുപടിയ്ക്ക്

## രാജാരവിവർമ്മ സ്മാരക നിലയത്തിൽ സംഘടിപ്പിച്ച പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) രാജാരവിവർമ്മയുടെ 168-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ | (എ) രാജാരവിവർമ്മയുടെ 168-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി 2015 മാർച്ച് 25 മുതൽ ഏപ്രിൽ 8 വരെ സംസ്ഥാന പുരസ്കാരത്തിന് അർഹരായ പത്ത് ശിൽപികളെ ഉൾപ്പെടുത്തി ശിൽപ്പാഞ്ജലി എന്ന ശിൽപകലാ ക്യാമ്പും 2015 ഏപ്രിൽ 29 ന് രവിവർമ്മ അനുസ്മരണ പ്രഭാഷണങ്ങളും കുട്ടികളുടെ ചിത്രരചനാ ശിൽപശാലയും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ ആഘോഷ പരിപാടികൾക്കായി എന്ത് തുക ചെലവഴിച്ചിരുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ | (ബി) 168-ാം ജന്മദിന ആഘോഷ പരിപാടികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് താഴെ ചേർക്കുന്നു.<br>1 അനുസ്മരണ പ്രഭാഷണങ്ങളും സമ്മേളനവും കുട്ടികളുടെ ചിത്രശിൽപശാലയും — 52,711/-<br>2 ശിൽപാഞ്ജലി ശിൽപകലാ ക്യാമ്പ് 2015 മാർച്ച് 25 മുതൽ ഏപ്രിൽ 8 വരെ — 9,38,121/- |
| (സി) ഇതിനായുള്ള ഫണ്ട് ലഭ്യമാക്കിയത് ഏത് ഏജൻസിയിൽ നിന്നുമാണെന്ന് വ്യക്തമാക്കാമോ | (സി) കേരളലളിതകലാ അക്കാദമിക്ക് അനുവദിച്ച പദ്ധതി ഇന ഫണ്ടിൽ നിന്നാണ് ഈ തുക ചെലവഴിച്ചത് |

സെക്ഷൻ ഓഫീസർ